(എ) ആരോഗ്യ വകുപ്പിൽ ഇടുക്കി ജില്ലയിൽ ഒഴിവുള്ള സ്റ്റാഫ് നേഴ്സ് തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിനുവേണ്ടി 17-9-1999-ൽ പ്രസിദ്ധീകരിച്ച പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന് എത്രപേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട് ;

(ബി) അഡ്വൈസ് മെമ്മോ അയച്ചവരിൽ ഈഴവ സമുദായത്തിൽപ്പെട്ട എത്രപേർ ഉണ്ട് ; അവരുടെ റാങ്ക് നമ്പരും പേരും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 24 പേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്.

(ബി) ഈഴവ സമുദായത്തിൽപ്പെട്ടവർ ഇല്ല.

പാർട്ട്ടൈം ജീവനക്കാരുടെ ആനുകൂല്യങ്ങൾ

53 (53) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് സർവ്വീസിലെ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് പ്രൊവിഡന്റ് ഫണ്ട്, മെഡിക്കൽ റീം-ഇംപേഴ്സ്മെന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ ഇപ്പോൾ നൽകുന്നുണ്ടോ ; എങ്കിൽ എന്നുമുതലാണ് ഈ ആനുകൂല്യങ്ങൾ നൽകാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ ;

(ബി) ഈ ആനുകൂല്യങ്ങൾ ഇപ്പോൾ ലഭ്യമല്ലെങ്കിൽ ഇവ നൽകാനുള്ള നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സർക്കാർ സർവ്വീസിലെ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ചട്ടങ്ങളുടെ കരട് രൂപം നിയമവകുപ്പിന്റെ പരിശോധനയ്ക്കായി അയച്ചിരിക്കുകയാണ്. അനന്തര നടപടികൾക്ക് ശേഷം ഉത്തരവായതിനുശേഷമേ ഇത് പ്രാവർത്തികമാക്കുവാൻ സാധിക്കുകയുള്ളു. ഇത് സംബന്ധിച്ച ഉത്തരവ് ആയിട്ടില്ല. സർക്കാർ സർവ്വീസിലെ പാർട്ട്-ടൈം ജീവനക്കാർക്ക് മെഡിക്കൽ റീം-ഇംപേഴ്സ്മെന്റ് ആനകൂല്യം സംബന്ധിച്ച ഉത്തരവുകളൊന്നും ഇപ്പോൾ നിലവിലില്ല.

സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ

54 (54) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997, 1998, 1999 എന്നീ വർഷങ്ങളിൽ അഴിമതിക്കേസുകളുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഐ.എ.എസ്, ഐ.പി.എസ്, ഗസറ്റഡ്, നോൺ ഗസറ്റഡ് എന്നീ വിഭാഗങ്ങളിൽ എത്ര പേരെവീതം സസ്പെന്റ് ചെയ്തിട്ടുണ്ട്. എന്ന് വ്യക്തമാക്കുമോ ;

(സി) രണ്ടു വർഷക്കാലം സസ്പെൻഷനിൽ നിർത്തപ്പെട്ടവരുടെ എണ്ണം എത്രയാണ് ;

(ഡി) മൂന്നുവർഷം കഴിഞ്ഞിട്ടും സസ്പെൻഷനിൽ നിലനിൽക്കുന്നവരുടെ എണ്ണം വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്കിടയിൽ അഴിമതി വർദ്ധിപ്പിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് ഇല്ലായ്മ ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 1997 വർഷത്തിൽ 246 ഉദ്യോഗസ്ഥരെ വിജിലൻസ് കേസുകളുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇതിൽ 3 ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരും ഒരു ഐ.എഫ്.എസ്. ഉദ്യോഗസ്ഥനും രണ്ടു ഐ.പി.എസ്. ഉദ്യോഗസ്ഥൻമാരും 98 ഗസറ്റഡ് ഉദ്യോഗസ്ഥൻമാരും 142 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥൻമാരും ഉൾപ്പെടുന്നു. 1998 വർഷത്തിൽ 188 സർക്കാർ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇതിൽ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനും ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥനും 81 ഗസ്റ്റഡ് ഉദ്യോഗസ്ഥൻമാരും 105 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥൻമാരും ഉൾപ്പെടുന്നു. 1999 വർഷത്തിൽ 151 സർക്കാർ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇതിൽ 66 ഗസറ്റഡ് ഉദ്യോഗസ്ഥൻമാരും 85 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥൻമാരും ഉൾപ്പെടുന്നു.

(സി) സസ്പെന്റ് ചെയ്തിട്ട് രണ്ടു വർഷമായിട്ടും തിരിച്ചെടുക്കാത്തതായി 96 ഉദ്യോഗസ്ഥർമാർ ഉണ്ട്.

(ഡി) സസ്പെന്റ് ചെയ്തിട്ട് മൂന്ന് വർഷമായിട്ടും തിരിച്ചെടുക്കാത്തതായി 68 ഉദ്യോഗസ്ഥർമാർ ഉണ്ട്.

(ഇ) അഴിമതിക്കെതിരായ പ്രഖ്യാപിത നയത്തിന്റെ ഭാഗമായി ഈ സർക്കാർ അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരായി നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി കേരള ലോകായുക്ത നിയമം 15-11-1998 മുതൽ നടപ്പിൽ വരുത്തി. ഉദ്യോഗസ്ഥർക്കിടയിൽ അഴിമതി ഇല്ലായ്മ ചെയ്യുന്നതിന് വിജിലൻസ് ആന്റ് ആൻറി കറപ്ഷൻ ബ്യൂറോയെ കൂടുതൽ ശക്തിപ്പെടുത്തുകയും വകുപ്പുതല വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ഡിപ്പാർട്ടുമെന്റിൽ വിജിലൻസ് ഓഫീസർമാർക്ക് സബോർഡിനേറ്റ് ഓഫീസുകൾ പരിശോധിക്കുന്നതിനും കൂടുതൽ മിന്നൽ പരിശോധനകൾ നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൈക്കൂലിക്കെതിരായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വേണ്ടി എല്ലാ സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കൈക്കൂലിക്കെതിരായി ബോർഡുകൾ സ്ഥാപിക്കുവാൻ കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly